ബി1//2787/റ്റിസി/2014 **ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 17/07/2015

# സർക്കുലർ നമ്പർ 17 /2015

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്***— നികുതി അടയ്ക്കാതെ പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :-
1. ഫൈനാൻസ് ആക്ട് 2014
2. 13-03-2015 ലെ ജി.ഒ.(പി) നമ്പർ 15/2015/ട്രാൻ എന്ന ഉത്തരവ്
3. 27-06-2015 —ലെ ജി.ഒ.(പി) നമ്പർ 39/2015/ട്രാൻ എന്ന ഉത്തരവ്
4. സി1/22609/ റ്റിസി/2008 തീയ്യതി, 17/06/2015

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. നികുതി അടയ്ക്കാത്തതിന്റെ പേരിൽ മോട്ടോർ വാഹന വകുപ്പും പോലീസും പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ ലേലം ചെയ്ത് സർക്കാരിന് ലഭ്യമാകേണ്ടതായ തുക ഈടാക്കുന്നതിന് കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തിക്കൊണ്ട് സൂചന (1), (2) എന്നിവ പ്രകാരം സർക്കാർ ഉത്തരവായിരിക്കുകയാണ്. വാഹനം പിടിച്ചിട്ടിരിക്കുന്ന സ്ഥലത്തുള്ള റീജിയണൽ / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ ലേലം ചെയ്യുവാൻ അധികാരപ്പെടുത്തിക്കൊണ്ട് സൂചന (3) പ്രകാരവും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. വാഹനം പിടിച്ചെടുത്ത് ഒരു മാസത്തിനകം വാഹന ഉടമ/ വാഹനം കൈവശം വച്ചിട്ടുള്ള വ്യക്തി നികതി അടച്ച് വാഹനം വിട്ടുതരുവാൻ അപേക്ഷിച്ചിട്ടില്ലായെങ്കിൽ വാഹനം പിടിച്ചെടുത്തിട്ടുള്ള ഓഫീസർമാർ വാഹനം സൂക്ഷിച്ച സ്ഥലത്തുള്ള റീജിയണൽ / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ പ്രസ്തുത വിവരം നിശ്ചിത ഫോർമാറ്റിൽ

(അനക്ചർ എ) അറിയിക്കേണ്ടതും തുടർന്ന് ടി റീജിയണൽ /ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ലേല നടപടികൾ ആരംഭിക്കേണ്ടതും ആണ്. വാഹനം മറ്റേതെങ്കിലും ഓഫീസിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിൽ ( രജിസ്റ്റർ ചെയ്തിട്ടുള്ളതെങ്കിൽ) അനക്സർ എ യുടെ പകർപ്പ് അറിവിലേയ്ക്കായി അയച്ച് കൊടുക്കേണ്ടതാണ്. ഇതിനായി വാഹനം പിടിച്ചെടുക്കുമ്പോൾ തന്നെ വാഹനത്തിന്റെ വില ( upset value) നിർണ്ണയിക്കേണ്ടതാണ്. വകുപ്പിലെ ഉദ്യോഗസ്ഥർ പോലീസ് സ്റ്റേഷനിലോ മറ്റോ പിടിച്ചിട്ടിട്ടുള്ള വാഹനങ്ങൾ, പിടിച്ചെടുത്ത ഉദ്യോഗസ്ഥർ സസൂക്ഷ്മം നിരീക്ഷിക്കേണ്ടതും ഒരു മാസം കഴിഞ്ഞാലുടൻ തന്നെ ബന്ധപ്പെട്ട റീജിയണൽ / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ വിവരം അറിയിക്കേണ്ടതുമാണ്. ഈ ഒരു മാസകാലയളവിൽ ടി ഉദ്യോഗസ്ഥർ സ്ഥലം മാറ്റമോ വിരമിക്കലോ മൂലം ഓഫീസിൽനിന്നും മാറുകയാണെങ്കിൽ പകരം വന്ന ഉദ്യോഗസ്ഥന് വാഹനത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ കൈമാറേണ്ടതുമാണ്. ഇതിനായി വാഹനത്തിന്റെ വിശദാംശങ്ങൾ വകുപ്പിന്റെ വെബ്സൈറ്റ് വഴിയോ ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റി വഴിയോ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

2. വാഹനം പിടിച്ചെടുത്തിട്ടുള്ള ഉദ്യോഗസ്ഥരിൽനിന്നും അറിയിപ്പ് കിട്ടിയാലുടൻതന്നെ വാഹനം ലേലം ചെയ്യുന്നതായി കാണിച്ച് വാഹന ഉടമയ്ക്ക് നോട്ടീസ് നൽകേണ്ടതാണ്. ടി നോട്ടീസിന്റെ പകർപ്പ് വാഹനം അവസാനം ഉൾക്കൊള്ളിച്ചിരിക്കുന്ന രജിസ്റ്ററിംഗ്/അസിസ്റ്റന്റ് രജിസ്റ്ററിംഗ് അതോറിറ്റിയ്ക്കും (വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളത് മറ്റേതെങ്കിലും രജിസ്റ്ററിംഗ്/അസിസ്റ്റന്റ് രജിസ്റ്ററിംഗ് അതോറിറ്റി ആണെങ്കിൽ മാത്രം) നൽകേണ്ടതാണ്. വാഹനം ഉൾക്കൊള്ളിച്ചിട്ടുള്ള രജിസ്റ്ററിംഗ്/അസിസ്റ്റന്റ് രജിസ്റ്ററിംഗ് അതോറിറ്റിയിൽ നിന്നും വാഹനത്തിന്റെ ആകെ നികതി കുടിശ്ശിക എത്രയാണെന്ന് കണക്കാക്കി ടി തുകയും പത്ര പരസ്യം ഉൾപ്പെടെയുള്ള ചെലവുകളും കൂടി ഉൾപ്പെടുത്തി ആകെ ലഭിക്കേണ്ട തുക

എത്രയാണെന്ന് കണക്കാക്കി പ്രസ്തുത തുക ഈടാക്കുന്ന തരത്തിലാണ് ലേല തുക സാധാരണയായി നിർണ്ണയിക്കേണ്ടത്.

3 മോട്ടോർ വാഹന ചട്ടത്തിൽ ചട്ടം 11 ബി-യിൽ ഉപചട്ടം (2) മുതൽ (4) വരെ അനുസരിച്ച് ആണ് ലേലം നടത്തേണ്ടത്. ഇതിന് പത്ര പരസ്യം നൽകുമ്പോൾ സർക്കുലർ നമ്പർ 15/2015 അനുസരിച്ച് പി.ആർ.ഡി വഴി മാത്രമേ പരസ്യം നൽകവാൻ പാടുള്ളൂ. എന്നാൽ സൂചന (4) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലേലം നടത്തുവാൻ സർക്കാർ ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ അന്തിമ ലേലം നടത്തുന്നതിന് മേൽ പറഞ്ഞ നടപടിക്രമങ്ങൾ എല്ലാം പാലിച്ച ശേഷം ബന്ധപ്പെട്ട സർക്കാർ ഏജൻസിയെ ഏൽപ്പിക്കാവുന്നതാണ്. ലേലത്തെ സംബന്ധിച്ച വിവരങ്ങൾ ലേലം ചെയ്യേണ്ട വാഹനത്തിലും വാഹനം ലേലം ചെയ്യുന്ന ഓഫീസിലും വാഹനം ഉൾപ്പെടുത്തിയിട്ടുള്ള ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയുള്ള ഓഫീസിലും പ്രദർശിപ്പിക്കേണ്ടതാണ്.

4. റീജിയണൽ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ നേരിട്ട് ലേലം നടത്തുകയാണെങ്കിൽ ചട്ടം 11 ബി യിലെ ഉപചട്ടം (5), (6), (7) എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയാൽ ലേലതുക പൂർണ്ണമായും കൈപ്പറ്റിയതായി auction purchaser -ക്ക് രസീത് (അനക്സ്ചർ ബി) നൽകേണ്ടതാണ്. ടി ലേലതുക ട്രഷറിയിൽ നികുതിയുടെ Head of account – ൽ ഒടുക്കേണ്ടതാണ്. അതോടൊപ്പം വാഹനം auction purchaser- ന് വിറ്റതായി കാണിച്ചുകൊണ്ടുള്ള ഉത്തരവും (പ്രൊസീഡിംഗ്സ്) വാഹനം റിലീസ് ചെയ്തുകൊണ്ടുള്ള കത്തും നൽകേണ്ടതാണ്. ലേലത്തിൽ നിന്നും ലഭിച്ചിട്ടുള്ള തുക വാഹനത്തിന്റെ യഥാർത്ഥത്തിലുള്ള കടിശ്ശികയെക്കാൾ കൂടുതലാണെങ്കിൽ ബാക്കി തുക വാഹന ഉടമയ്ക്ക് തിരിച്ചുനൽകേണ്ടതാണ്. ഇതിനായി

ഉത്തരവിറക്കേണ്ടതും (പ്രൊസീഡിംഗ്സ്) റീഫണ്ട് ബിൽ (ഫോം 65) വാഹന ഉടമയ്ക്ക് നൽകേണ്ടതാണ്. എന്നാൽ വാഹനത്തിന്റെ യഥാർത്ഥ കുടിശ്ശികയെക്കാൾ കുറവാണ് ലേലത്തുകയെങ്കിൽ സർക്കാരിന് കിട്ടേണ്ട ബാക്കി തുക ഈടാക്കുവാൻ റവന്യൂ റിക്കവറി വഴി ഈടാക്കുവാൻ ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകേണ്ടതും ടി നിർദ്ദേശം ലഭിച്ചാലുടൻ ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. വാഹനം Auction purchaser ക്ക് കൈമാറിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ഒറിജിനൽ രജിസ്റ്ററിംഗ് / അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കേണ്ടതും രജിസ്റ്ററിംഗ് അതോറിറ്റി വാഹനത്തിന്റെ നികുതി Auction വഴി വസൂലാക്കിയ വിശദാംശങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. Proceedings-ന്റെ പകർപ്പും റിലീസിംഗ് ലെറ്ററിന്റെ പകർപ്പും Auction purchaser ന്റെ മേൽവിലാസത്തിലുള്ള രജിസ്റ്ററിംഗ് / അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റിക്കും അയച്ചുകൊടുക്കേണ്ടതാണ്.

6. വാഹന ലേലത്തിന്റെ നോട്ടിഫിക്കേഷൻ പത്രത്തിൽ പരസ്യം ചെയ്യുന്ന തീയതിയ്ക്ക് മുൻപ് വരെ വാഹനത്തിന്റെ നികുതി കുടിശ്ശിക അടച്ച് വാഹനം സ്വന്തമാക്കുവാൻ വാഹന ഉടമയ്ക്ക് അനുവാദം നൽകേണ്ടതാണ്.

7. പോലീസിൽ നിന്നും വകുപ്പിന് കൈമാറുന്ന വാഹനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിച്ച് ലേലം നടത്തേണ്ടതാണ്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നികുതി അടയ്ക്കാത്തതിന് മോട്ടോർ വാഹന വകുപ്പ് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ 3 മാസത്തിനകം ലേലം നടത്തേണ്ടതും ടി വിവരം ഈ ഓഫീസിൽ നിശ്ചിത ഫോർമാറ്റിൽ (അനക്സ്ചർ സി) എല്ലാ മാസവും 10 - )0 തീയതിയ്ക്ക് മുൻപ്

അറിയിയ്ക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിയ്ക്കും.

ഒപ്പ്/-

ട്രാൻസ്പോർട്ട് കമ്മീഷണർ.

അംഗീകാരത്തോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ.

സ്വീകർത്താവ് :

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും (ചെക്ക്പോസ്റ്റ് )

പകർപ്പ് : ഡയറക്ടർ, എൻ.ഐ.സി.ക്കും, എസ്.എസ്.ജി സെല്ലിനും - സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി.

# Annexure A

**Intimation regarding Non-remittance of Tax for seized vehicle**
**(To be filed soon after one month from the date of seizure)**

Certified that the vehicle bearing Register No. …………………….. owned/possessed by ------------------------------------------------------- which was seized on ----------------------- for non payment of vehicle tax and kept at --------------------------------- police station/-----------------------. The Registered owner or possessor didn't approached for release of the vehicle even after the expiry of one month. Hence urgent step may be taken to sell the vehicle in public auction for the recovery of tax due to the vehicle under section 11 of Kerala Motor Vehicle Taxation Act and Rule 11 A and 11 B of Kerala Motor Vehicle Taxation Rules 1989. The upset value of the vehicle is calculated as Rs. ----------------

Place

Date:

sd./-
(Name and designation
of the officer who have
seized the vehicle)

## Annexure B

Received from ------------------------------------------------------------------------------

------------------------------------------ (Name and Address of the purchaser)

an amount of Rs.-----------------------------(Rupees -------------------------------

---------------------------------------------------------------------------------- only)

towards the cost of the vehicle ---------------------------------- (Vehicle No) by

the auction conducted on ---------------------------------- vide order No. --------

------------------------------------------- dated ----------------------------. The

vehicle No. ---------------------------------------- will deliver to the auction

purchase soon.

Place

Date RTO/Joint RTO

## Annexure C

Name of the Office: ------------------------------------------------------------------

1. No. of vehicle seized for non payment of vehicle tax as on -------------
2. No. of vehicle sole in public auction as on --------------------------------
3. Reason for non conducting auction -----------------------------------------

| Sl. No | Vehicle No | Actual amount of tax due to the vehicle | Date of sale (by auction) | Amount of money recovered by auction | Amount to be refunded/ to be recovered if any | Remarks |
|---|---|---|---|---|---|---|
| | | | | | | |